**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **12-12-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **അട്ടപ്പാടിയിലെ മാതൃ -ശിശു മരണങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പ് സൂക്ഷ്മമായി പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്തുവരുന്നു. ഇവയുടെ ആരോഗ്യ സംബന്ധമായ കാരണങ്ങളും, സാമൂഹികമായ വശങ്ങളും പരിശോധിച്ച് സർക്കാർ വിവിധ തരത്തിലുള്ള നടപടികൾ എടുത്തു വരുന്നു. മാതൃ -ശിശു മരണങ്ങൾ സംഭവിക്കുന്നത് വിവിധ തലങ്ങളിൽ പരിശോധിച്ച് (ആശുപത്രി, ജില്ല, സംസ്ഥാനതലത്തിൽ) കാരണങ്ങൾ മനസിലാക്കുവാൻ ശ്രമിക്കുകയും, ഇവയിൽ മെച്ചപ്പെടുത്താൻ പറ്റുന്ന മേഖലകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസം നൽകുക, ആരോഗ്യ പ്രവർത്തകർക്കുള്ള വിവിധങ്ങളായ പരിശീലന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു.**<br><br>**ഗർഭിണികളിലെ പോഷകാഹാരക്കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ശിശുമരണങ്ങൾക്ക് കാരണമായേക്കാം. ആയതിനാൽ ഇവരിലെ പോഷകാഹാരവും, ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ഗർഭിണികളെ ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ തന്നെ കണ്ടെത്തി അവശ്യ പരിചരണം നൽകുവാൻ നിർദ്ദേശം നൽകി നടപ്പിലാക്കി വരുന്നു. കണ്ടെത്തിയ ഗർഭിണികളെ ആഴ്ചയിൽ 5 ദിവസവും ദിവസേന ഒരാൾ വീതം (ജെ.പി.എച്ച്.എൻ, ആശ വർക്കർ, ട്രൈബൽ പ്രമോട്ടർ, കുടുംബശ്രീ ആനിമേറ്റർ,** |

**അംഗൻവാടി വർക്കർ) ഗൃഹസന്ദർശനം നടത്തുകയും ചെക്ക് ലിസ്റ്റ് പ്രകാരം Danger Signs ഉണ്ടോ എന്നും, ഭക്ഷണം പാകം ചെയ്ത് കൃത്യമായി കഴിക്കുന്നുണ്ടോ എന്നും, മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ഗർഭിണികളിലെ പോഷകാഹാര കുറവിന്റെ തോത് കുറയ്ക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ച് വരുന്നതിൽ ഗർഭിണികളിൽ അനീമിയയുടെയും, തൂക്ക കുറവിന്റെയും തോത് കുറച്ച് അതിലൂടെ ഗർഭാവസ്ഥയുടെ സങ്കീർണ്ണതകളും, നവജാത ശിശു മരണ നിരക്കും കുറഞ്ഞ് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. Danger Signs ഉള്ളവരെ ഡോക്ടറെ കാണിക്കുവാനായി ആശുപ്രതിയിലേക്ക് കൊണ്ടു വരികയും, ഇവരെ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റുമായി ചർച്ച ചെയ്ത് അവരുടെ നിർദ്ദേശ പ്രകാരം വേണ്ട ചികിത്സ നൽകുകയും റഫർ ചെയ്യേണ്ടവരെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. ജെ.പി.എച്ച്.എൻ, ആശ വർക്കർ, ട്രൈബൽ പ്രമോട്ടർ, കുടുംബശ്രീ ആനിമേറ്റർ, അംഗൻവാടി വർക്കർ എന്നീ ജീവനക്കാർ ആഴ്ചതോറുമുള്ള ഗൃഹസന്ദർശനം നടത്തിയതിന്റെ റിപ്പോർട്ടുകൾ സബ് സെന്ററിൽ വെച്ച് അവലോകനം നടത്തുകയും ആയത് എല്ലാ വെള്ളിയാഴ്ചയും സബ് കളക്ടറുടെ നേതൃത്വത്തിൽ വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്.**

വീട്ടിലെ പ്രസവം ഒഴിവാക്കാനായി എസ്.റ്റി. പ്രമോട്ടർ, ആശ വർക്കർ, ഐ.സി.ഡി.എസ്. വർക്കർ, കുടുംബശ്രീ ആനിമേറ്റർ, എക്സൈസ് വകുപ്പ്, ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ പ്രസവ തിയതിക്ക് രണ്ടാഴ്ച മുമ്പ് തന്നെ കോട്ടത്തറ ആശുപത്രിയിൽ അഡ്മിറ്റാക്കുകയും പ്രത്യേക പരിചരണം നൽകുകയും ചെയ്തു വരുന്നു. ഇതിനായി ഇവിടെ 24 മണിക്കൂറും ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ധൻ, അനസ്തെറ്റിസ്റ്റ്, എന്നിവരുടെ സേവനം ലഭ്യമാണ്. ഗർഭിണികൾക്ക് വേണ്ടി ODK (Online Data Kit) എന്ന ആപ് ഉപയോഗിച്ച് സർവേ നടത്തുകയും ഹൈറിസ്ക് കണ്ടെത്തി വേണ്ട ചികിത്സയും, പോഷകപ്രദമായ ആഹാരവും നൽകുകയും ചെയ്യുന്നുണ്ട്.

അട്ടപ്പാടിയിൽ ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. നിലവിൽ മുലപ്പാൽ

ശ്വാസനാളത്തിൽ കയറി ശ്വാസതടസ്സം വന്ന് കുഞ്ഞുങ്ങൾ മരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകുന്നതിനാൽ മുലയൂട്ടലിനെ കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, 3 മാസം വരെ മുലയൂട്ടുന്ന അമ്മമാരുടെ പരിചരണവുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിലെ 3 പഞ്ചായത്തുകളിലും നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

രോഗബാധിതരായ കുഞ്ഞുങ്ങളെ എത്രയും പെട്ടെന്ന് ആശുപത്രിയിലേക്ക് എത്തിച്ചു ചികിത്സിക്കുന്നതിനും ഡിസ്ചാർജ് ചെയ്യുമ്പോൾ ഫീൽഡ് സ്റ്റാഫുകളെ അറിയിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ വിദഗ്ധ ചികിത്സയ്ക്കായി കൊയമ്പത്തൂർ മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 'ഇ-സഞ്ജീവനി മുഖാന്തിരം ശിശുരോഗ വിദഗ്ധൻ, ഗൈനക്കോളജിസ്റ്റ്, ത്വക്ക് രോഗ വിദഗ്ധൻ എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. അഗളി, അട്ടപ്പാടി, പുതൂർ, എന്നിവിടങ്ങളിൽ NRC (ന്യൂട്രിഷൻ റിഹബിലിറ്റേഷൻ സെന്റർ) പ്രവർത്തിച്ചു വരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 24 മണിക്കൂറും ആംബുലൻസ് സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന ദുർഘടപ്രദേശങ്ങളിൽ ഗർഭിണികൾക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുന്നു.

കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ കുട്ടികളുടെ ക്ഷേമത്തിനും ചികിത്സക്കുമായി Special Newborn Care Unit പ്രവർത്തിച്ചു വരുന്നു. നവജാതശിശുക്കളിൽ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും, ജനിതകരോഗങ്ങളുടെ സ്ക്രീനിംഗിനും ഇവിടെ സൗകര്യമുണ്ട്.

**കൂടാതെ വനിതാ ശിശു വികസന വകുപ്പ് മുഖേന നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം അനുപൂരകപോഷകാഹാരം ഐ.സി.ഡി.എസ് ഗുണഭോക്താക്കൾക്ക് കൃത്യമായി വിതരണം ചെയ്തു വരുന്നു. 6മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗുരുതര പോഷകാഹാരകുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരാണ് ഐസിഡിഎസ് ഗുണഭോക്താക്കൾ. ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ**

സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. പ്രസ്തുത പരിപാടിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്തു വരുന്നു. അട്ടപ്പാടിയിൽ 2013 മുതൽ നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരപ്രായക്കാരായ കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, വൃദ്ധർ, വിധവകൾ തുടങ്ങിയവർക്ക് പദ്ധതിയുടെ ഭാഗമായി പാകം ചെയ്ത ഭക്ഷണം കമ്മ്യൂണിറ്റി കിച്ചണിലൂടെ വിതരണം ചെയ്യുന്നു. അട്ടപ്പാടി മേഖലയിൽ ശിശുമരണനിരക്ക് നിയന്ത്രണവിധേയമാക്കുന്നതിനും വളർച്ച മുരടിപ്പ് തടയുന്നതിനും വകുപ്പിലൂടെ നടപ്പിലാക്കുന്ന തൽസമയ വളർച്ച നിരീക്ഷണ ഓൺലൈൻ സംവിധാനങ്ങളാണ് ജാതക് ജനനി, Poshan Tracker എന്നിവ. ഈ സംവിധാനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും തൂക്കം, ഉയരം എന്നിവ നോക്കി ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി വളർച്ച വിലയിരുത്തുന്നുണ്ട്. അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷണക്കുറവ് കുറയ്ക്കാനും ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും ജിവിതശൈലിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് പെൺശിക കൂട്ട സംഘങ്ങൾ അട്ടപ്പാടിയിൽ രൂപീകരിച്ചു.

അട്ടപ്പാടിയിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസിക ശാരീരിക വികാസം ലക്ഷ്യമിട്ട് സൈക്കോസോഷ്യൽ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ കൗൺസിലർമാർ മുഖേന കൗൺസിലിംഗ് നൽകി വരുന്നുണ്ട്. ഇവർക്ക് കാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ അങ്കണവാടികളോട് അനുബന്ധിച്ചുള്ള അഡോളസെന്റ് ക്ലബ് വഴി ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്.

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിപ്പ് , ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന "പോഷകബാല്യം' പദ്ധതി സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **ഗർഭിണികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി THR – (Take Home Ration) എന്ന രീതിയിലും ഭക്ഷ്യപദാർത്ഥങ്ങൾ നൽകിവരുന്നു. ഇത് കൂടാതെ ട്രൈബൽ വകുപ്പ് അവരുടെ പദ്ധതികളിലൂടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു.** |
| (ബി) | അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടികൾ എടുത്തിട്ടും 2022 സെപ്റ്റംബർ മാസത്തിൽ രണ്ട് കുഞ്ഞുങ്ങൾ മരണമടഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2022 സെപ്തംബർ മാസത്തിൽ അട്ടപ്പാടി മേഖലയിൽ 2 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ട്.<br><br>I) പുതൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ താമസിക്കുന്ന 40 വയസ്സുള്ള സരോജിനി സുരേന്ദ്രൻ എന്ന ഗർഭിണിയായ സ്ത്രീയെ ഉയർന്ന രക്തസമ്മർദ്ദത്തെതുടർന്ന്, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും രക്തസമ്മർദ്ദം നിയന്ത്രണവിധേയമാകുകയും ചെയ്തു. വീണ്ടും ഉയർന്ന രക്തസമ്മർദ്ദത്തെത്തുടർന്ന് 2022 ആഗസ്റ്റ് 24ന് കോട്ടത്തറ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കോട്ടത്തറ ആശുപത്രിയിൽ ചികിത്സയിലിരിക്കെ 2022 സെപ്തംബർ 6 ന് മരുന്നുകൾ നൽകിയിട്ടും രക്തസമ്മർദ്ദം ഉയർന്നനിലയിൽ തന്നെ തുടരുന്ന സാഹചര്യത്തിൽ, തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയുണ്ടായി. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അന്നേ ദിവസം തന്നെ (6 മാസം ഗർഭാവസ്ഥ) അമ്മയുടെ അവസ്ഥ പരിഗണിച്ച് സിസേറിയൻ ശസ്ത്രക്രിയ ചെയ്യുകയും 990 ഗ്രാം ഭാരമുള്ള കുഞ്ഞിനെ നവജാതശിശുക്കളുടെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വെന്റിലേറ്റർ, ഓക്സിജൻ, ആന്റിബയോട്ടിക്കുകൾ, മറ്റു പോഷകങ്ങൾ എന്നിവ നൽകിയിട്ടും ശ്വാസകോശസംബന്ധമായ ഗുരുതരപ്രശ്നങ്ങൾ (Severe Respiratory Distress, Pulmonary Haemorrhage) രൂപപ്പെടുകയും 2022 സെപ്തംബർ-7ന് ശിശു മരണപ്പെടുകയും ചെയ്തു.<br><br>ii) പുതൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ താമസിക്കുന്ന ഗർഭിണിയായ 21 വയസ്സുള്ള ശാന്തി ഷണ്മുഖൻ എന്ന സ്ത്രീയെ സ്വർണ്ണഗധ സബ് സെന്ററിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയിൽ പരിശോധനകൾ നടത്തി വരവെ 2022 സെപ്തംബർ 10 ന് (8 മാസം ഗർഭാവസ്ഥ) ജന്നി (Seizures) ലക്ഷണങ്ങളോടെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് കോയമ്പത്തൂർ മെഡിക്കൽകോളേജിലും പ്രവേശിപ്പിച്ചു. അമ്മയുടെ |

| | | | |
|---|---|---|---|
| | | | അവസ്ഥ പരിഗണിച്ച് 2022സെപ്റ്റംബർ 11ന് സിസേറിയൻ ശസ്ത്രക്രിയ ചെയ്യുകയും 1145ഗ്രാം ഭാരമുള്ള കുഞ്ഞിനെ നവജാതശിശുക്കളുടെ തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വെന്റിലേറ്റർ, ഓക്സിജൻ, ആന്റിബയോട്ടിക്കുകൾ, മറ്റു പോഷകങ്ങൾ എന്നിവ നൽകിയിട്ടും ശ്വാസകോശസംബന്ധമായ ഗുരുതരപ്രശ്നങ്ങൾ രൂപപ്പെടുകയും 2022 സെപ്റ്റംബർ 14ന് ശിശു മരണപ്പെടുകയും ചെയ്തു. |
| (സി) | അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ കാരണങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | അട്ടപ്പാടി മേഖലയിൽ ശിശുമരണം സംഭവിക്കുന്നതിനെ കുറിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ ഓരോ മരണം സംഭവിക്കുമ്പോഴും, മരണം സംഭവിക്കാനുള്ള കാരണങ്ങൾ വിശദമായി അവലോകനം ചെയ്യാറുണ്ട്. ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടു പിടിക്കുവാനും, അവ ആവർത്തിക്കാതിരിക്കാനുമാണ് ഇപ്രകാരം വിശദമായ Death Audit നടത്തുന്നത്. |

സെക്ഷൻ ഓഫീസർ